DESPATCHED
On 08/06/2020

17.3.20



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP.225(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.2450/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ. മോഹനൻ കെ.വി
ഡെൽകോ ബിൽഡിംഗ് മെറ്റീരിയൽസ്
എടക്കാട് പി.ഒ
കണ്ണൂർ
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   ഇലട്രിക്കൽ സെക്ഷൻ, ധർമ്മടം
   കെ.എസ്.ഇ.ബി.ലിമിറ്റഡ്
   കണ്ണൂർ
2. അപ്പീൽ അധികാരി,
   അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
   ഇലക്ട്രിക്കൽ സബ്ഡിവിഷൻ, പിണറായി
   കെ.എസ്.ഇ.ബി.ലിമിറ്റഡ്
   കണ്ണൂർ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 31.12.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.01.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 29.01.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 01.02.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 15.02.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27.02.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02.04.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15.11.2019 – കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

RIGHT TO INFORMATION

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും, അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 03.12.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ കെ.എസ്.ഇ.ബി സെക്ഷൻ പരിധിയിൽ വരുന്ന ഒരു കൺസ്യൂമറുടെ പ്രെമിസസ് പരിശോധിക്കാനും സൈറ്റ് മഹസർ തയ്യാറാക്കാനും സബ് എഞ്ചിനീയർക്ക് അധികാരമുണ്ടോയെന്നും, ഇനം 2 ൽ ഉണ്ടെങ്കിൽ അതിന് പിൻബലമുള്ള സപ്ലൈ കോഡിലെ ക്ലോസ് നമ്പർ അല്ലെങ്കിൽ കെ.എസ്.ഇ.ബി ബോർഡ് ഓർഡർ ഏതാണെന്നുമാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 31.12.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇനം 1ന് അധികാരമുണ്ടെന്നും ഇനം 2 ന് കേരളഹൈക്കോടതി ഉത്തരവ് 2014(2) KHC 325 പ്രകാരമെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 10.01.2019 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും 1,2 എന്നീ ചോദ്യങ്ങൾക്ക് ശരിയായ മറുപടി നൽകണമെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 29.01.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇനം 2 ന് സപ്ലൈകോഡ് റെഗുലേഷൻ 149(1) പ്രകാരം പ്രെമിസസ് പരിശോധിക്കുന്നതിനും സപ്ലൈകോഡ് റെഗുലേഷൻ 151(1) പ്രകാരം സൈറ്റ് മഹസർ തയ്യാറാക്കുന്നതിനും സബ് എഞ്ചിനീയർക്ക് അധികാരമുണ്ടെന്നുമാണ്.

6. 02.04.2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് എസ്.പി.ഐ.ഒ യും അപ്പീലിന് അപ്പീൽ അധികാരിയും മറുപടി നൽകിയിട്ടുണ്ടെന്നാണ്.

7. 29.05.2019 ന് ഹിയറിംഗിന് ഹാജരാകാത്തതിനാൽ 15.11.2019 ന് കമ്മീഷൻ മുമ്പാകെ ഹാജരാകാൻ ഷോക്കോസ് നൽകുകയും എസ്.പി.ഐ.ഒ ഹാജരാകുകയും വിശദീകണം നൽകുകയും മേലിൽ ഇത് ആവർത്തിക്കരുതെന്ന് കമ്മീഷൻ താക്കീത് നൽകുകയും വിശദീകരണം അംഗീകരിക്കുകയും ചെയ്തു.
8. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാ രൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് എതിർകക്ഷികൾ മറുപടി നൽകിയെങ്കിലും വ്യക്തത ഇല്ലെന്നും, ഹിയറിംഗിന് എസ്.പി.ഐ.ഒ നൽകിയ മൊഴി നിരീക്ഷിച്ച കമ്മീഷൻ, സബ് എഞ്ചിനീയർ അടിയന്തിരഘട്ടങ്ങളിൽ മറ്റൊരു വകുപ്പിലെ അധികജോലി ചെയ്യുന്നുണ്ടെങ്കിൽ ആയത് ഉൾപ്പെടുത്തി ഹർജിക്കാരന് വ്യക്തമായ മറുപടി 10 ദിവസത്തിനകം നൽകണമെന്നും നിർദ്ദേശിച്ചു.
9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res

RIGHT TO INFORMATION